**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3466** **26-06-2024 - ൽ മറുപടിയ്ക്ക്**

**വയക്കര വില്ലേജ് വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ടതും ഏറ്റവും വലിയ വില്ലേജുമായ വയക്കര വില്ലേജ് വിഭജിച്ച്, പെരിങ്ങോം, വയക്കര എന്നീ വില്ലേജുകളുടെ അതിർത്തികൾ പുനഃക്രമീകരിച്ച് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പാടിയോട്ടുചാൽ കേന്ദ്രീകരിച്ച് പുതിയ വില്ലേജ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നത് പരിഹരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലെ വയക്കര വില്ലേജിൽ ഉൾപ്പെട്ട പെരിങ്ങോം-വയക്കര ഗ്രാമ പഞ്ചായത്ത് പരിധിയിലെ 1575.8713 ഹെക്ടർ ഭൂമി പെരിങ്ങോം വില്ലേജിലേക്ക് മാറ്റിയും, പെരിങ്ങോം വില്ലേജിൽ ഉൾപ്പെട്ട ചെറുപുഴ ഗ്രാമപഞ്ചായത്ത് പരിധിയിലെ 19.9280 ഹെക്ടർ ഭൂമി വയക്കര വില്ലേജിലേക്ക് മാറ്റിയും വില്ലേജുകളുടെ അതിർത്തികൾ പുനർനിർണ്ണയം ചെയ്തുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കായി കരട് വിജ്ഞാപനം ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ആയത് പരിശോധിച്ചു വരികയാണ്.<br><br>സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽ നിന്നും പുതിയ താലൂക്ക്/വില്ലേജ്/ആർ.ഡി.ഒ രൂപീകരണം/ വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായി വരുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുന്ന മുറയ്ക്ക് വയക്കര വില്ലേജിന്റെ വിഭജനം ഉൾപ്പെടെയുള്ള പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം പരിഗണിക്കാവുന്നതാണ്. |
| (ബി) | ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്ന എത്ര വില്ലേജുകൾ സംസ്ഥാനത്തുണ്ടെന്ന് അറിയിക്കാമോ? | (ബി) | ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്ന ഏകദേശം 333 വില്ലേജുകൾ ഉള്ളതായി ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ